"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് പുതിയ വെബ്സൈറ്റ് രൂപകല്പന ചെയ്യുന്നതിനുള്ള ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.622/2025/TAXES തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 15/02/2025 ലെ SLTY/ 2919/2024-IT SD2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ നിലവിലുള്ള വെബ്സൈറ്റിന്റെ പോരായ്മകൾ പരിഹരിച്ചും Search engine optimization സൗകര്യത്തോട് കൂടി, സോഷ്യൽ മീഡിയ ഇന്റഗ്രേഷൻ ഉൾപ്പെടെ കാലോചിതമായ മാറ്റങ്ങൾക്കനുസൃതമായി, നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും chat-bot പോലുള്ള സങ്കേതങ്ങൾ ഏർപ്പെടുത്തിയും ഒരു പുതിയ വെബ്സൈറ്റ് രൂപകല്പന ചെയ്യുന്നതിന് വകുപ്പുതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

2) കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന തിരഞ്ഞെടുത്ത SRV IT hub PVT LTD എന്ന സ്ഥാപനം സമർപ്പിച്ച ₹7,11,500/- യുടെ (ചരക്ക് സേവന നികുതി ഉൾപ്പെടെ) പ്രൊപ്പോസൽ അംഗീകരിച്ച് ടി സ്ഥാപനം മുഖേനെ പുതിയ വെബ്സൈറ്റ് രൂപകൽപന ചെയ്യുന്നതിനും ടി ചെലവ് "2075-00-103-94-99-Information Technology" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള ഭരണാനുമതിയാണ് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ഉത്തരവുകളും മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ഏജൻസിയെ കണ്ടെത്തി പ്രവൃത്തി നിർവ്വഹിക്കണമെന്ന നിബന്ധനയിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് പുതിയ വെബ്സൈറ്റ് രൂപകല്പന ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ടി പ്രവൃത്തിക്ക് ചരക്ക് സേവന നികുതി ഉൾപ്പെടെ വേണ്ടി വരുന്ന ₹7,11,500/-(ഏഴ് ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) "2075-00-103-94-99-Information Technology" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4. ധനകാര്യ വകുപ്പ് (Exp-B1/171/2025-FIN dated 16/06/2025)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/42/2024-TAXES)

ഉത്തരവിൻ പ്രകാരം

**Signed by Babu. G**
**Date: 30-06-2025 15:48:03**

സെക്ഷൻ ഓഫീസർ